**കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ**

**ഫോൺ: 0471-2311215, 6238170312, e-mail: kswcfcscholarship@gmail.com**
**Website: www.kswcfc.org**

---

**മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന ധനസഹായ പദ്ധതി.**

2023 വർഷത്തേയ്ക്ക് കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാസമുന്നതി മെഡിക്കൽ/എഞ്ചിനീയറിംഗ് (ബിരുദതലത്തിലും ബിരുദാനന്തരബിരുദതലത്തിലും) പ്രവേശന പരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിൽ **ഒറ്റത്തവണ മാത്രം നിർബന്ധമായും** രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന User Name & Password ഉപയോഗിച്ച് Login ചെയ്ത് Profile create ചെയ്തതിന്ശേഷം സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- അപേക്ഷകരുടെ (പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) കുടുംബ വാർഷിക വരുമാനം **നാല് ലക്ഷം (4,00,000/-)** രൂപയിൽ താഴെ ആയിരിക്കണം.
- **ബിരുദതലം:** SSLC പഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്./ HSS പഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ഓപ്ഷണൽ വിഷയം എന്നിവയിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. 20 വയസ്സാണ് അപേക്ഷകർക്ക് നിശ്ചയിച്ചിരിക്കുന്ന ഉയർന്ന പ്രായപരിധി. 605 പേർക്കാണ് (ഫണ്ടിന് ആനുപാതികമായി) ധനസഹായം അനുവദിക്കുന്നത്.

  **ബിരുദാനന്തരബിരുദതലം:** ബിരുദ പഠനം പൂർത്തിയാക്കിയവർ 60% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. പ്രായപരിധി നിശ്ചയിച്ചിട്ടില്ല. 200 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്.
- പരിശീലന ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറഞ്ഞിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

  1. ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്

(മറ്റ് രേഖകൾ സ്വീകാര്യമല്ല).

2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്).
3. മാർക്ക് തെളിയിക്കുന്ന രേഖ
   - <u>**ബിരുദതലം:**</u> SSLC/ HSS സർട്ടിഫിക്കറ്റ്.
   - <u>**ബിരുദാനന്തര ബിരുദതലം:**</u> Degree സർട്ടിഫിക്കറ്റ്.
4. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽതന്നെ സമർപ്പിക്കേണ്ടതാണ്).
5. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
6. SSLC സർട്ടിഫിക്കറ്റിന്റെ പകർപ്പ്..

- ഓൺലൈൻ **അപേക്ഷ സമർപ്പിക്കുന്ന സമയത്ത്** അപേക്ഷയുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിൽ **അയച്ചുതരേണ്ടതില്ല**.
- മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനധനസഹായത്തിനായി അപേക്ഷിക്കുന്നവർ നിലവാരമുള്ള പരിശീലന സ്ഥാപനങ്ങളിൽ പഠിച്ച് കൊണ്ടിരിക്കുന്നവരാകണം.
- പരിശീലന ധനസഹായം <u>**''ഒടുക്കിയ ഫീസ് (പരമാവധി 10,000/- രൂപ വരെ) തിരികെ നൽകുന്ന മാതൃകയിൽ ആണ്''**</u>.
- മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ പ്രവർത്തനക്ഷമമായ/ സാധുവായ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.
- <u>കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന</u> നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതവുമായിട്ടാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. <u>**ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ / തന്നിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കുക/സാധുത ഇല്ലാതിരിക്കുക എന്നിവ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും**</u>
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി <u>**06/02/2024**</u> ആണ്. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ വിവരങ്ങളും (രേഖകൾ സഹിതം) ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- ***കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രസ്തുത പരീക്ഷാ പരിശീലന ധനസഹായം മുമ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ല.***
- പരിശീലന ധനസഹായത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേയ്ക്ക് SMS ലഭിക്കുന്നതാണ്. **<u>SMS ലഭിക്കുന്ന അപേക്ഷകർ മാത്രം താഴെപ്പറയുന്ന രേഖകൾ</u>** തപാലിൽ Kerala State Welfare Corporation for Forward Communities ltd, TC9/476, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.
  - ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.
  - ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് (മറ്റ് രേഖകൾ സ്വീകാര്യമല്ല).
  - വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്)
  - മാർക്ക് തെളിയിക്കുന്ന രേഖയുടെ പകർപ്പ്.
    - **<u>ബിരുദതലം:</u>** SSLC/ HSS സർട്ടിഫിക്കറ്റ്.
    - **<u>ബിരുദാനന്തരബിരുദതലം:</u>** Degree സർട്ടിഫിക്കറ്റ്.
  - പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
  - അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
  - SSLC സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
  - പരിശീലനത്തിനായി ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.